പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 80

# 2021-ലെ കേരള തീരദേശ സംരക്ഷണ ബിൽ

(ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ, എം.എൽ.എ. നോട്ടീസ് നൽകിയത്)

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 80

# 2021-ലെ കേരള തീരദേശ സംരക്ഷണ ബിൽ

(ശ്രീ. ഇ . ടി. ടൈസൺ മാസ്റ്റർ, എം.എൽ.എ. നോട്ടീസ് നൽകിയത്)

1640/2021.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 80

# 2021-ലെ കേരള തീരദേശ സംരക്ഷണ ബിൽ

(ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ, എം.എൽ.എ. നോട്ടീസ് നൽകിയത്)

## നിരന്തരം കടലാക്രമണത്തിന് വിധേയമാകുന്ന കേരള സംസ്ഥാനത്തിന്റെ തീരദേശം സംരക്ഷിക്കുന്നതിനായി ഒരു ബോർഡ് രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്ന

ഒരു

ബിൽ

പീഠിക.—കേരള സംസ്ഥാനത്തിന്റെ 535 കിലോമീറ്റർ നീണ്ടുകിടക്കുന്ന തീരദേശം നിരന്തരം കടലാക്രമണത്തിന് വിധേയമാകുന്നതിനാൽ തീരദേശത്തെയും തീരദേശജനതയെയും സംരക്ഷിക്കുന്നതിനുവേണ്ടിയും പരിപാലിക്കുന്നതിന് വേണ്ടിയും ഒരു നിയമം ഉറപ്പുവരുത്തേണ്ടത് യുക്തമായിരിക്കുന്നതിനാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിരണ്ടാം സംവൽസരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(എ) ഈ ആക്റ്റിന് '2021-ലെ കേരള തീരദേശ സംരക്ഷണ-പരിപാലന ആക്റ്റ്' എന്ന് പേര് പറയാം.

(ബി) ഇതിന് കേരള സംസ്ഥാനം മുഴുവനും വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(സി) ഈ ആക്റ്റിലെ വ്യവസ്ഥകൾ സർക്കാർ വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "വിജ്ഞാപനം" എന്നാൽ ഈ ആക്റ്റ് അനുസരിച്ച് ഗസറ്റിൽ പ്രസിദ്ധീകരിക്കപ്പെട്ട ഒരു വിജ്ഞാപനം എന്നർത്ഥമാകുന്നു;

(ബി) "വകുപ്പ്" എന്നാൽ ഈ ആക്റ്റിലെ ഒരു വകുപ്പ് എന്നർത്ഥമാകുന്നു;

(സി) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ഡി) "ബോർഡ് " എന്നാൽ ഈ ആക്റ്റിലെ മൂന്നാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള തീരദേശ പരിപാലന സംരക്ഷണ ബോർഡ് എന്നർത്ഥമാകുന്നു.

3. <u>തീരദേശ സംരക്ഷണ-പരിപാലന ബോർഡ് രൂപീകരണം.</u>—ഗസറ്റ് വിജ്ഞാപനം വഴി നിർദ്ദേശിക്കുന്ന തീയതി മുതൽ പ്രാബല്യത്തോടുകൂടി തീരദേശ സംരക്ഷണത്തിനും പരിപാലനത്തിനും ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനും പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനും തീരദേശ സംരക്ഷണ പരിപാലന ബോർഡ് എന്ന പേരിൽ ഒരു ബോർഡ് രൂപീകരിക്കാവുന്നതാണ്.

4. <u>ബോർഡിന്റെ ആസ്ഥാനവും അധികാരങ്ങളും.</u>—ബോർഡ് ഗസറ്റ് വിജ്ഞാപനത്തിലൂടെ പന്ത്രണ്ടംഗ ഭരണസമിതിയെ നിയമിക്കേണ്ടതും അതിൽ നിർബന്ധമായും മൂന്ന് നിയമസഭാ സാമാജികരും ഒരു തീരദേശ സംരക്ഷണ സന്നദ്ധപ്രവർത്തകയും ഒരു തീരദേശ സംരക്ഷണ സന്നദ്ധപ്രവർത്തകനും ബാക്കി സർക്കാർ നിർദ്ദേശിക്കുന്ന താഴെപ്പറയുന്ന അംഗങ്ങളും ഉണ്ടായിരിക്കേണ്ടതാണ്:

(i) സംസ്ഥാന ഫിഷറീസ് വകുപ്പുമന്ത്രി ;

(ii) സംസ്ഥാന ഫിഷറീസ് വകുപ്പ് ഡയറക്ടർ;

(iii) ജലവിഭവ വകുപ്പുമന്ത്രി;

(iv) ജലവിഭവ വകുപ്പ് ഡയറക്ടർ;

(v) സംസ്ഥാന ധനകാര്യ വകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ;

(vi) റവന്യൂ വകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ;

(vii) മത്സ്യത്തൊഴിലാളി പ്രതിനിധി.

ബോർഡിലെ അംഗങ്ങളിൽ നിന്നും ഒരാളെ സർക്കാർ ചെയർമാനായോ ചെയർപേഴ്സൺ ആയോ നാമനിർദ്ദേശം ചെയ്യേണ്ടതാണ്. ആക്റ്റിൽ നിർദ്ദേശിക്കുന്ന രീതിയിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരത്തോടെ താഴെ പറയുന്ന പ്രകാരം ഭരണം നടത്തേണ്ടതാണ് .

(എ) സംസ്ഥാനത്തിന്റെ തീരദേശത്തെക്കുറിച്ച് വിശദമായ പഠനം നടത്തി കടൽക്ഷോഭമുള്ള മേഖലകളെ അതിന്റെ തീവ്രത അനുസരിച്ച് നാലായി തരംതിരിച്ച് അത് സംരക്ഷിക്കാൻ നടപടി സ്വീകരിക്കുക. താഴെ പറയുന്ന രീതിയിലാണ് തീരദേശ മേഖലയെ തരം തിരിക്കേണ്ടത് :

I. <u>അതിതീവ്ര കടൽക്ഷോഭ മേഖല</u> :

കാലാവസ്ഥ ഭേദമെന്യേ നിരന്തരം കടലാക്രമണം ഉണ്ടാവുകയും തീരസുരക്ഷ ഉറപ്പാക്കുന്ന രീതിയിലുള്ള പാറ കൊണ്ടുള്ളതോ ടെട്രാപോഡ് ഉപയോഗിച്ചിട്ടുള്ളതോ ആയ കടൽഭിത്തി ഇല്ലാതിരിക്കുകയോ തകർന്നു പോവുകയോ ചെയ്തിട്ടുള്ള തീരദേശമാണ് ഇതിൽ പരിഗണിക്കേണ്ടത്.

II. <u>തീവ്ര കടൽക്ഷോഭ മേഖല</u> :

കാലപ്പഴക്കംമൂലം ഉയരം കുറഞ്ഞ കടൽ ഭിത്തിയുള്ളതും നിലവിലുള്ള കടൽഭിത്തി മറികടന്ന് കടലാക്രമണം ഉണ്ടാകുന്നതുമായ തീരദേശമാണ് ഇതിൽ പരിഗണിക്കേണ്ടത്.

III. <u>കടൽക്ഷോഭ സാധ്യതാ മേഖല</u> :

നിലവിൽ സുരക്ഷിതമായ കടൽഭിത്തി ഉണ്ടെങ്കിലും ഭാവിയിൽ കടൽക്ഷോഭം ഉണ്ടാകുവാൻ സാധ്യതയുള്ള മേഖല.

IV. <u>സുരക്ഷിത തീരദേശ മേഖല</u> :

സുരക്ഷിതമായ കടൽ ഭിത്തിയുള്ളതും കടൽക്ഷോഭ സാധ്യത ഇല്ലാത്തതുമായ മേഖല.

(ബി) അതിതീവ്ര കടൽക്ഷോഭ മേഖലയിൽ വലിയ കരിങ്കൽ പാറ ഉപയോഗിച്ചോ ടെട്രാപോഡ് ഉപയോഗിച്ചോ കടൽഭിത്തി നിർമ്മിക്കുവാൻ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.

(സി) തീവ്ര കടൽക്ഷോഭ മേഖലയിൽ ഡോക്ടർ വേലുക്കുട്ടി അരയൻ ആവിഷ്കരിച്ച പ്രൊക്ലമേഷൻ പദ്ധതികളോ അതുപോലുള്ള പദ്ധതികളോ ആവിഷ്കരിച്ച് നടപ്പിലാക്കുക.

(ഡി)നിലവിലുള്ള കടൽഭിത്തിക്ക് പുറകിലായി കടൽക്ഷോഭ സാധ്യതാ മേഖലയിൽ കണ്ടൽക്കാടുകളോ, ചുളക്കാടുകളോ, മറ്റ് പരിസ്ഥിതി സൗഹൃദ മാർഗ്ഗങ്ങളോ ഉപയോഗിച്ച് ദീർഘകാല അടിസ്ഥാനത്തിൽ തീരദേശം സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.

(ഇ) മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനും കടലാക്രമണത്തിന്റെ ആഘാതം കുറയ്ക്കുന്നതിനും വേണ്ടി കടലിൽ അനുയോജ്യമായ സ്ഥലങ്ങളിൽ വൻതോതിൽ റീഫുകൾ സ്ഥാപിക്കുന്നതടക്കമുള്ള നൂതനമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.

(എഫ്) കടലിൽ പ്ലാസ്റ്റിക് പോലുള്ള മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് കർശനമായി തടയുക.

(ജി) ബോർഡിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ആവശ്യമെങ്കിൽ ഓരോ തീരദേശ ജനപ്രതിനിധികളേയും പരിസ്ഥിതി പ്രവർത്തകരേയും

വിവിധ വകുപ്പുകളുടെ ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി ജനകീയ കമ്മിറ്റികൾ രൂപീകരിക്കാവുന്നതും അങ്ങനെ രൂപീകരിക്കുന്ന കമ്മിറ്റികളുടെ അധികാര കർത്തവ്യങ്ങൾ ബോർഡിന്റെ പരിപൂർണ്ണ നിയന്ത്രണത്തിനു വിധേയമായിരിക്കേണ്ടതുമാണ്.

(എച്ച്) ആഗോളതാപനംമൂലം ഉണ്ടാകുന്ന കാലാവസ്ഥാ വ്യതിയാനം, കടൽ ക്ഷോഭങ്ങൾ, ചുഴലിക്കാറ്റുകൾ എന്നിവയെക്കുറിച്ച് ആവശ്യമായ ബോധവൽക്കരണം നടത്തുക.

(ഐ) സംസ്ഥാന സർക്കാർ നിർദ്ദേശിക്കുന്ന സ്ഥലത്ത് ബോർഡിന്റെ ആസ്ഥാനം പ്രവർത്തിക്കേണ്ടതാണ്.

(ജെ) അതിതീവ്ര കടൽക്ഷോഭ മേഖലയിലും തീവ്ര കടൽക്ഷോഭ മേഖലയിലും കടലിനോട് ചേർന്ന് 100 മീറ്റർ ദൂരപരിധിയിൽ താമസിക്കുന്ന മുഴുവൻ വീട്ടുകാരെയും മാറ്റി താമസിപ്പിക്കുക.

(കെ) തീരദേശം സംരക്ഷിക്കുന്നതിന് ആവശ്യമായ നൂതന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുവേണ്ടി വിദഗ്ദ്ധ പഠനം നടത്തുക.

5. ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനങ്ങൾ.—ഈ ആക്ട് പ്രകാരം സർക്കാരിന്റെ ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുന്നതിന് ബോർഡിനെ സഹായിക്കുന്ന ഒരു സെക്രട്ടറിയെയും ആവശ്യമെങ്കിൽ അവർ കരുതുന്നത്ര മറ്റ് ഉദ്യോഗസ്ഥരെയും നിയമിക്കാവുന്നതാണ്.

6. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം .—

(എ) സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി ആക്ടിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിന് വേണ്ട ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(ബി) ഈ ആക്ട് പ്രകാരം ഉണ്ടാക്കിയ ഏതൊരു ചട്ടവും അതുണ്ടാക്കിയശേഷം കഴിയുന്നത്ര വേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോഴോ (ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ട് സമ്മേളനത്തിലോ പെടാം) ആദ്യം വയ്ക്കേണ്ടതും അപ്രകാരം അത് വയ്ക്കുന്ന സമ്മേളനമോ അതിന് തൊട്ടടുത്തു വരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുമ്പ് നിയമസഭ, ചട്ടത്തിൽ എന്തെങ്കിലും ഭേദഗതി വരുത്തുകയോ അല്ലെങ്കിൽ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം ആ ചട്ടത്തിന് അതിനുശേഷം അതത് സംഗതിപോലെ അങ്ങനെ ഭേദഗതി ചെയ്ത രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുന്നതോ അഥവാ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുന്നതോ ആകുന്നു. എന്നിരുന്നാലും ഇങ്ങനെയുള്ള ഏതെങ്കിലും ഭേദഗതിപ്പെടുത്തലോ ദുർബ്ബലപ്പെടുത്തലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തതായ യാതൊന്നിന്റെയും സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ ആയിരിക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

നമ്മുടെ സംസ്ഥാനത്തിന്റെ തീരദേശത്തിന് ഏകദേശം 535 കിലോമീറ്റർ നീളമുണ്ട്. ആഗോളതാപനം മൂലമുണ്ടാകുന്ന കാലാവസ്ഥാ വ്യതിയാനംമൂലം ചുഴലിക്കാറ്റും കര കടലെടുക്കുന്ന പ്രതിഭാസവും ഒക്കെയായി സംസ്ഥാനത്തെ പിന്നാക്ക വിഭാഗമായ തീരദേശവാസികൾ പ്രതിസന്ധിയിൽ അകപ്പെട്ടിരിക്കുകയാണ്. ഇതിൽ ചില പ്രദേശങ്ങൾ തീവ്ര കടൽക്ഷോഭ മേഖലകളാണ്. മറ്റ് ചില പ്രദേശങ്ങളിൽ ആവശ്യത്തിന് സുരക്ഷ തീർക്കുന്നതിനുള്ള കടൽ ഭിത്തികളുടെ അപര്യാപ്തതയുമുണ്ട്. ഒട്ടേറെ പ്രദേശങ്ങളിൽ നിലവിലുണ്ടായിരുന്ന കടൽ ഭിത്തി താഴ്ന്ന പോവുകയോ തകർന്നു പോവുകയോ ചെയ്തിട്ടുണ്ട്. ഇത് തീരദേശവാസികൾക്ക് വലിയ ആശങ്കയും അപകടവും ഉണ്ടാക്കുന്നുണ്ട്. ഒരു ജീവിത ആയുസ്സ് മുഴുവൻ കൊണ്ടുണ്ടാക്കിയ ഏക സമ്പാദ്യമായ വീടും സ്ഥലവും വീട്ടുസാധനങ്ങളും മണിക്കൂറുകൾ കൊണ്ട് കടലെടുത്തു പോകുമ്പോൾ ഉണ്ടാകുന്ന സമ്മർദ്ദം വളരെ വലുതാണ്. പാറക്ഷാമംമൂലം അനുവദിക്കപ്പെട്ട ഒട്ടനവധി കടൽഭിത്തി നിർമ്മാണം മുടങ്ങിക്കിടക്കുന്നതും പാതിവഴിയിൽ നിലച്ചതുമൊക്കെ പ്രതിസന്ധിയുടെ രൂക്ഷത വർദ്ധിപ്പിച്ചിട്ടുണ്ട്. തീവ്രത കൂടിയ കടൽക്ഷോഭ മേഖലകളിൽ ടെട്രാപോഡ് ഉപയോഗിച്ചുകൊണ്ടുള്ള കടൽ ഭിത്തിയും തീവ്രത കുറഞ്ഞ കടൽക്ഷോഭമുള്ള മേഖലകളിൽ പരിസ്ഥിതി സൗഹൃദമാർഗ്ഗങ്ങളും ഉപയോഗിക്കേണ്ടത് അനിവാര്യമായിരിക്കുന്നു. തീരത്തോട് ചേർന്നുള്ള കടൽ ഭാഗത്ത് മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നൂതന മാർഗ്ഗങ്ങൾ ഉപയോഗിക്കേണ്ടതും അത്യാവശ്യമാണ്. കടലിലേക്ക് അധികദൂരം സഞ്ചരിക്കാതെ തന്നെ ആവശ്യത്തിന് മത്സ്യം കിട്ടുന്ന സാഹചര്യമുണ്ടായാൽ അത് മത്സ്യത്തൊഴിലാളികൾക്കും മത്സ്യമേഖലയ്ക്കും വലിയ ആശ്വാസമായിരിക്കും. മത്സ്യത്തൊഴിലാളികളുൾപ്പെടെയുള്ള തീരദേശ ജനത അനുഭവിച്ചുകൊണ്ടിരിക്കുന്ന നിരവധിയായ വിഷമതകൾ പരിഹരിക്കുന്നതിനും തീരദേശത്തെയും അവിടത്തെ ജനതയെയും സംരക്ഷിക്കുന്നതിനും ഒരു നിയമനിർമ്മാണം അനിവാര്യമായിരിക്കുന്നു.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിലെ വ്യവസ്ഥകൾക്ക് അനുസരിച്ച് ക്ഷേമനിധി ബോർഡ് നിലവിൽ വരികയും പ്രവർത്തനക്ഷമമാവുകയും ചെയ്യുമ്പോൾ മാത്രമേ ഇതിന് വേണ്ടിവരുന്ന സാമ്പത്തിക ബാദ്ധ്യത എത്രയെന്നു കണക്കാക്കാൻ കഴിയുകയുള്ളൂ . എങ്കിലും ബോർഡിന്റെ പ്രാരംഭ ചെലവുകൾക്കായി ഇരുപത്തഞ്ച് കോടി രൂപ സഞ്ചിതനിധിയിൽ നിന്നും ചെലവ് പ്രതീക്ഷിക്കുന്നു.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ വ്യവസ്ഥകൾ പ്രകാരം സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്. ഈ ആക്ട് അനുസരിച്ച് ഉണ്ടാക്കുന്ന ചട്ടങ്ങൾ സഭയുടെ മുൻപാകെ വയ്ക്കേണ്ടതാണ്. സഭയ്ക്ക് അത് അംഗീകരിക്കുവാനോ റദ്ദ് ചെയ്യുന്നതിനോ ഭേദഗതി ചെയ്യുന്നതിനോ ഉള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം നൽകിയിട്ടുള്ളത് നടപടി ക്രമങ്ങളെ സംബന്ധിക്കുന്നതോ ദൈനംദിന ഭരണകാര്യങ്ങളെ സംബന്ധിക്കുന്നതോ ആയ കാര്യങ്ങൾക്കാണ്. ആയതിനാൽ ഏൽപ്പിച്ചുകൊടുക്കപ്പെട്ട നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തിലുള്ളതാണ്.

ഇ. ടി. ടൈസൺ മാസ്റ്റർ, എം.എൽ.എ.